മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ

14 (*104)ശ്രീ.കെ.ബാബു :

ശ്രീ.ജി.കാർത്തികേയൻ :

ശ്രീ.എ.കെ.മണി :

ശ്രീ.കെ.പി.വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ നടത്തുന്നത് സംബന്ധിച്ച് ഹൈക്കോടതി എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിരുന്നു;

(ബി) 2000-ാം മാണ്ടിലെ എൻട്രൻസ് പരീക്ഷയുടെ നടത്തിപ്പിലും റിസൾട്ട് പ്രഖ്യാപിക്കുന്നതിലും ഇത് പാലിച്ചിരുന്നുവോ;

(സി) ഈ വർഷം നടത്തിയ എൻട്രൻസ് പരീക്ഷയുടെ റാങ്ക് ലിസ്റ്റ് റദ്ദാക്കേണ്ടതായി വന്നുവോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഡി) ആദ്യം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റും ഹൈക്കോടതി നിർദ്ദേശ പ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റും തമ്മിൽ ഉണ്ടായ വ്യത്യാസങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) രണ്ടാമത് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് പ്രകാരം ആദ്യത്തെ റാങ്ക് ലിസ്റ്റിൽ ഉണ്ടായിരുന്ന എത്ര പേർക്ക് അഡ്മിഷൻ കിട്ടാതെ വന്നിട്ടുണ്ട്;

(എഫ്) ഇവർക്ക് അഡ്മിഷൻ നൽകുവാൻ ഉദ്ദേശമുണ്ടോ; എൻട്രൻസ് പരീക്ഷാ നടപടി കുറ്റമറ്റതാക്കുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) 20.9.99-ന് സർക്കാർ നിയമിച്ച വിദഗ്ധസമിതി നൽകിയ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് (എം.എസ്) നം.153/99/ ഉവിവ തീയതി 22.11.99 നോട് യോജിപ്പു പ്രകടിപ്പിച്ചു കൊണ്ട് വിദ്യാഭ്യാസപരമായി ഔന്നത്യം നിലനിർത്തുന്ന നടപടിക്രമങ്ങളെ അടിസ്ഥാനമാക്കി സുതാര്യത നിലനിർത്തി എൻട്രൻസ് പരീക്ഷകൾ നടത്തുന്നതിനാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) പാലിച്ചിരുന്നു.

(സി) റദ്ദാക്കേണ്ടി വന്നു. വിദഗ്ധ സമിതിയുടെ നിർദ്ദേശാനുസരണം ഉത്തരസൂചികയിൽ അതിനാവശ്യമായ ഭേദഗതികൾ വരുത്തുകയും തെറ്റായി കണ്ട ചോദ്യങ്ങൾ ഒഴിവാക്കുകയും ചെയ്തുകൊണ്ട് ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. എന്നാൽ ഈ നടപടിയും ചോദ്യം ചെയ്തുകൊണ്ടുള്ള ഏതാനും ഹർജികൾ ഹൈക്കോടതിയിൽ വരുകയും അതിൻമേൽ ബഹു : ഹൈക്കോടതി നിർദ്ദേശം അനുസരിച്ച് 2000 -ാം ആണ്ടിലെ റാങ്ക് ലിസ്റ്റ് പുനഃക്രമീകരിക്കുകയാണുണ്ടായത്.

(ഡി) ആദ്യം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റും ഹൈക്കോടതി നിർദ്ദേശ പ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ എഞ്ചിനീയറിംഗ് ലിസ്റ്റിൽ നിലവിൽ ഉണ്ടായിരുന്ന റാങ്കിനേക്കാൾ 19167 പേർ താഴോട്ടും 9561 പേർ മുന്നോട്ടും വന്നിട്ടുണ്ട്. 110 പേർ മുമ്പ് ലഭിച്ച അതേ റാങ്ക് നിലനിർത്തി. എന്നാൽ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ നിലവിലുണ്ടായിരുന്ന റാങ്കിനേക്കാൾ 11053 പേർക്ക് മുമ്പോട്ടും 12722 പേർക്ക് താഴോട്ടും റാങ്ക് ലഭിച്ചു. ആദ്യ റാങ്ക് തന്നെ നിലനിർത്തിയവർ 92 പേർ ആണ്. ലിസ്റ്റിൽ റാങ്കിൽ ഉൾപ്പെട്ടിരുന്ന ഉയർന്ന റാങ്കുകാരുടെ റാങ്കിൽ വലിയ വ്യത്യാസം വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആദ്യ റാങ്ക് ലിസ്റ്റ് പ്രകാരം എം.ബി.ബി.എസ് കോഴ്സിന് അർഹരായ ഒരാളൊഴികെ മറ്റെല്ലാവരും പുന:ക്രമീകരിച്ച റാങ്ക് ലിസ്റ്റ് പ്രകാരം എം.ബി.ബി.എസ്. കോഴ്സിനു തന്നെ പ്രവേശനം ലഭിച്ചിട്ടുണ്ട്.

(എഫ്) പുന : ക്രമീകരിക്കപ്പെട്ട റാങ്ക് ലിസ്റ്റ് പ്രകാരം മാത്രമേ അഡ്മിഷൻ നടക്കാനാകൂ. പരീക്ഷാ നടപടി കുറ്റമറ്റതാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

ഓപ്പൺ യൂണിവേഴ്സിറ്റി

15 (*105)ശ്രീ.കടകംപള്ളി സുരേന്ദ്രൻ :
ശ്രീ.പി.സി.ജോർജ് :
ശ്രീമതി കെ.കെ.ശൈലജ ടീച്ചർ :
ശ്രീ.എം.ദാസൻ :
ശ്രീ.ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിർദ്ദിഷ്ട ഓപ്പൺ യൂണിവേഴ്സിറ്റി എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും യൂണിവേഴ്സിറ്റിയുടെ സെന്ററുകൾ എവിടെയൊക്കെ സ്ഥാപിക്കുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഏതൊക്കെ കോഴ്സുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; പരമ്പരാഗത കോഴ്സുകൾ നിർബന്ധമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ വിവിധ സർവകലാശാലകൾക്കു കീഴിൽ പ്രവർത്തിച്ചു വരുന്ന ഡിസ്റ്റൻസ് എഡ്യൂക്കേഷൻ വകുപ്പുകളെ ഓപ്പൺ യൂണിവേഴ്സിറ്റിക്കു കീഴിൽ കൊണ്ടുവരാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഏതൊക്കെ യൂണിവേഴ്സിറ്റികളുടെ ഏതൊക്കെ വകുപ്പുകളെന്ന് വ്യക്തമാക്കാമോ;

(ഇ) ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഭരണച്ചുമതല എപ്രകാരം നിർവഹിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നിയമനിർമ്മാണം ആവശ്യമാണോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ-എഫ്) ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് പഠനം

16 (*106)ശ്രീ.കെ.ടി.കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly